# ഹെഡ്മാസ്റ്റേഴ്സ് ഫോറം-മലപ്പുറം ഉപജില്ല

## സന്നാഹം-2020

## എൽ.എസ്.എസ്.മാതൃക പരീക്ഷ

**ഘട്ടം-1**

| രജി:നമ്പർ | | | | | |
|---|---|---|---|---|---|
| | | | | | |

(പേപ്പർ II ) (പാർട്ട്-എ)

**പരിസരപഠനം**

സമയം- $1\frac{1}{2}$ മണിക്കൂർ

ആകെ സ്കോർ : 40

**ഉത്തരമെഴുതുക.** (സ്കോർ 10x1=10)

29. താറാവിന് വെള്ളത്തിൽ നീന്താനുള്ള അനുകൂലനം എന്താണ്?
- [ ] പാർശ്വത്തിലെ ചിറക്
- [ ] ചർമ ബന്ധിതമായ വിരലുകൾ
- [ ] എണ്ണമയമുള്ള തൂവലുകൾ
- [ ] പരന്ന കൊക്ക്

30. കുന്നിൻ പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും താമസിക്കുന്നവർക്ക് ഏറെ ഭീഷണിയാവുന്ന പ്രകൃതി ദുരന്തം?
- [ ] വരൾച്ച
- [ ] വെള്ളപ്പൊക്കം
- [ ] ഉരുൾപൊട്ടൽ
- [ ] സുനാമി

31. ഉപ്പ് ഒരു സമരായുധമായി ഗാന്ധിജി സ്വീകരിച്ചതിനുള്ള കാരണമെന്ത്?
- [ ] ഉപ്പ് ഭക്ഷണത്തിന്റെ മുഖ്യവസ്തു ആയതിനാൽ
- [ ] ഉപ്പിന് ബ്രിട്ടീഷുകാർ നികുതി ഏർപ്പെടുത്തിയതിനാൽ
- [ ] ഉപ്പ് നിർമിക്കുന്ന സ്ഥലങ്ങൾ ബ്രിട്ടീഷ് അധീനതയിലായതിനാൽ
- [ ] കടലോരത്ത് കൂടുതൽ ആളുകളെ സംഘടിപ്പിക്കാൻ കഴിയുന്നതിനാൽ

32. താഴെ പറയുന്നവയിൽ അജീവിയ ഘടകങ്ങളുടെ കൂട്ടം ഏത്?
- [ ] പുല്ല്, വായു, ജലം, കല്ല്
- [ ] മരം, മണ്ണ്, പാറ, മണൽ
- [ ] ജലം, മണ്ണിര, വായു, വള്ളിച്ചെടി
- [ ] സൂര്യപ്രകാശം, ജലം, വായു, മണ്ണ്

33. ശരിയല്ലാത്ത പ്രസ്താവന ഏത്?
- [ ] തവളക്ക് വെള്ളത്തിലും കരയിലും ജീവിക്കാൻ കഴിയും
- [ ] തവളയുടെ പിൻകാലുകൾ നീളം കൂടിയവയാണ്.
- [ ] തവളയ്ക്ക് ചെവിക്കുടയുണ്ട്.
- [ ] തവള മുട്ടയിടുന്ന ജീവിയാണ്.

34. ഗാന്ധിജി മുന്നോട്ടുവെച്ച സത്യാഗ്രഹ സമരരീതിയിൽ പെടാത്തത്?
- [ ] അഹിംസയിലൂന്നിയ സമരമാർഗം
- [ ] തെറ്റിനെ അംഗീകരിക്കാതിരിക്കൽ
- [ ] സത്യത്തിന്റെ മാർഗം സ്വീകരിക്കൽ
- [ ] ഹിംസയിലൂടെ പ്രതികരിക്കൽ

35. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?

വിദേശ വസ്ത്ര ബഹിഷ്കരണം — ഖാദി പ്രചരിപ്പിക്കൽ

ഹിന്ദിഭാഷ പ്രചരിപ്പിക്കൽ — മദ്യം വർജിക്കുക.

36. താമര, ആമ്പൽ തുടങ്ങിയ ജല സസ്യങ്ങൾ വെള്ളത്തിൽ കിടക്കാൻ കാരണം?

37. തെറ്റായ ജോടി ഏത്?

- ☐ ലോക അഹിംസ ദിനം - ഒക്ടോബർ 2
- ☐ ഭാരതീയ പ്രവാസി ദിനം - ജനുവരി 9
- ☐ ക്വിറ്റ് ഇന്ത്യാ ദിനം - ആഗസ്റ്റ് 6
- ☐ സ്വാതന്ത്ര്യദിനം - ആഗസ്റ്റ് 15

38. താഴെയുള്ള സൂചനകളിൽ നിന്ന് വ്യക്തിയെ തിരിച്ചറിയു.

1907 സെപ്തംബർ 28ന് പഞ്ചാബിൽ ജനനം

ലാഹോർ ഗൂഡാലോചന കേസിൽ അറസ്റ്റിലായി

1931 മാർച്ച് 21 ന് തൂക്കിലേറ്റി

39.



എ) പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ ചിത്രത്തിൽ നിന്ന് കണ്ടെത്താനാവുമല്ലോ? ഈ പ്രവർത്തനങ്ങൾ ഏതെല്ലാം വിധത്തിലാണ് ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നത് (സ്കോർ-2)

ബി) സമീപകാലത്ത് പല പട്ടണങ്ങലും വെള്ളപ്പൊക്കത്തിനും ഉരുൾപ്പൊട്ടലിനും വിധേയമായത് പത്രമാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞുകാണുമല്ലോ? എന്തായിരിക്കം നിങ്ങളുടെ അഭിപ്രായത്തിൽ ഇതുനുള്ള പ്രാധന കാരണങ്ങൾ? (മാർക്ക്-3)

40. നമ്മുടെ രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ഒട്ടേറേ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ചില സംഭവങ്ങൾ താഴെ കൊടുക്കുന്നു.

ഉപ്പു സത്യാഗ്രഹം, ചമ്പാരൻ സമരം, ജാലിയൻ വാലാബാഗ്, ക്വിറ്റ് ഇന്ത്യാസമരം

എ) ഈ സംഭവങ്ങളുടെ ക്രമമനുസരിച്ച് സമയരേഖ തയ്യാറാക്കുക. (മാർക്ക് - 3)

ബി) കെ.കേളപ്പൻ 'കേരള ഗാന്ധി' എന്നാണ് അറിയപ്പെടുന്നത് നമുക്കിയാമല്ലോ? എന്തായിരിക്കും ഇതിനു കാരണം (മാർക്ക്-1)

സി) ചമ്പാരൻ സത്യാഗ്രഹത്തിന്റെ അതേ ലക്ഷ്യങ്ങളോടെ ഗാന്ധിജി നയിച്ച മറ്റൊരു സത്യാഗ്രഹം ഏത്? (സ്കോർ-1)

(പേപ്പർ 2) (പാർട്ട്-ബി)

## ഗണിതം

സ്കോർ : 20

41. 49 എന്ന സംഖ്യയെ എങ്ങനെ റോൺ അക്കത്തിൽ എഴുതാം

42. 1, 2, 6, 24, 120, ........................അടുത്ത സംഖ്യ ഏത്.

43. 11 pmന് രാജു തീവണ്ടിയിൽ കയറി. മണിക്കൂറിൽ 90 കി.മി. ആണ് തീവണ്ടിയുടെ വേഗത. 405 കി.മി യാത്ര ചെയ്ത രാജു എത്തിച്ചേരുന്ന സമയം?

44. 2008 ഫെബ്രുവരി 29ന് പിറന്നാൾ ആഘോഷിക്കുന്ന സുമയുടെ അടുത്ത പിറന്നാൾ എന്നായിരിക്കും

45. 20 രൂപയുടെ പിന്നിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രം ഏത്?

46. ഏറ്റവും വലിയ നാലക്ക സംഖ്യയും ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

47. 7000 – 4567 = ? എന്ന സംഖ്യയ്ക്ക് തുല്യമായത്.

(3433, 2433–1, 2423, 2432+1)

48. 8 x 4 x 2 x 0 x 6 x 1 =

49. രണ്ടും രണ്ടിന്റെ ഇരട്ടിയും അവയോട് 4 ചേർത്ത് കൂട്ടിയാൽ കിട്ടുന്ന സംഖ്യയുടെ ഇരട്ടിയായ സംഖ്യ ഏത്? (16, 20, 10, 18)

50. 6348 ഈ സംഖ്യയ്ക്ക് തുല്യമല്ലാത്തത് ഏത്?

(എ) 6348 ഒന്നുകൾ (ബി) 63 നൂറുകൾ 48 ഒന്നുകൾ (സി) 6 ആയിരം 34 നൂറ്, 8 ഒന്ന് (ഡി)6 ആയിരം 348 ഒന്നുകൾ)

51. ശുകപുരം പഞ്ചായത്തിൽ റോഡ് നവീകരണത്തിന്റെ ഭാഗമായി രാവിലെ 8.30 മുതൽ ജെ.സി.ബി പ്രവർത്തിപ്പിക്കാൻ തുടങ്ങി. 10 മണിയായപ്പോൾ ചായ കുടിക്കുന്നതിനായി നിർത്തി. 10.10ന് വീണ്ടും തുടങ്ങി. 1.10 വരെ ജെ.സി.ബി പ്രവർത്തിപ്പിച്ചു. 1 മണിക്കൂർ ഉച്ചഭണത്തിനു ശേഷം പണി തുടങ്ങിയ

a)

ജെ.സി.ബി 3.40 വരെ പണി തുടർന്നു. എങ്കിൽ ആകെ എത്ര സമയം ജെ.സി.ബി പ്രവർത്തിച്ചു. (3)

ബി) മണിക്കൂറിന് 850 രൂപ ജെ.സി.ബിക്ക് വാടക നൽകണമെങ്കിൽ എത്ര രൂപ വാടക ഇനത്തിൽ നൽകണം? (മാർക്ക് 2)

52. വിവിധ സ്കൂളുകളിൽ നിന്നായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് അടച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | സ്കൂൾ | അടച്ച തുക |
|---|---|---|
| 1. | എം.എൽ.പി.എസ്. കുന്നുമ്മൽ | 3741 |
| 2. | ജി.എൽ.പി.എസ് മുട്ടിക്കര | 3219 |
| 3. | എം.എം.എൽ.പി.എസ്. കൈതമുക്ക് | 3471 |
| 4. | ജി.എൽ.പി.എസ് കിന്നരിപ്പാടം | 3463 |
| 5. | ജി.യു.പി.എസ് മൊട്ടക്കുന്ന് | 5291 |

എ) ഏറ്റവും കൂടുതൽ തുക അടച്ച സ്കൂൾ (മാർക്ക്-1)

ബി) ഏറ്റവും കുറവ് അടച്ച സംഖ്യ (മാർക്ക്-1)

സി) ഏറ്റവും കൂടുതൽ അടച്ച സ്കൂളിലെ തുകയാവൻ കുറവ് തുക അടച്ച സ്കൂളിന് എത്ര രൂപ കൂടി വേണം? (മാർക്ക്-1)

ഡി) സ്കൂളുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ അടച്ച സംഖ്യ എത്ര? (മാർക്ക്-2)